**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 879</u>** **<u>07-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കുറ്റ്യാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച അംബേദ്കർ ഗ്രാമം പദ്ധതികളുടെ നിലവിലെ അവസ്ഥ കോളനി തിരിച്ച് വിശദമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെട്ടതും കരാർ കാലാവധി കഴിഞ്ഞും പൂർത്തിയാക്കാൻ സാധിക്കാത്തതുമായ ഏതൊക്കെ പ്രവൃത്തികൾ ഉണ്ടെന്ന് അറിയിക്കാമോ; ഇത്തരത്തിലുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | അംബേദ്കർ ഗ്രാമ വികസന പദ്ധതി 2016-17ൽ ഉൾപ്പെട്ട തുരുത്തി എസ്.സി. കോളനിയുടെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ഫുഡ്പാത്ത് (3 എണ്ണം) , റോഡ് (2 എണ്ണം) , കിണർ നിർമ്മാണം (1 എണ്ണം) , ഇലക്ട്രിക് പോസ്റ്റ് മാറ്റി വക്കുന്ന പ്രവൃത്തി എന്നിവ ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അംബേദ്കർ ഗ്രാമ വികസന പദ്ധതി 2019-20ൽ ഉൾപ്പെട്ട മൂഴിക്കൽ IHDP കോളനി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | ആയഞ്ചേരി ഗ്രാമ പഞ്ചായത്തിലെ വാളാഞ്ഞി കുളങ്ങരത്ത് പട്ടികജാതി കോളനിയുടെയും വേളം ഗ്രാമപഞ്ചായത്തിലെ ചോയിമഠം കോളനിയുടെയും പ്രവൃത്തികൾ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (സി) | അംബേദ്കർ ഗ്രാമ വികസന പദ്ധതി 2021-22ൽ ഉൾപ്പെടുത്തിയിരുന്ന ചോയിമഠം കോളനി ഫീസിബിള്ളല്ലാത്തതിനാൽ ടി കോളനിയെ മാറ്റി പകരം എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള കുളിക്കുന്ന് കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ട് . നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള വാളാഞ്ഞികുളങ്ങരതിയോത്ത്, കുളിക്കുന്ന് എന്നീ കോളനി പ്രവൃത്തികളുടെ ഏജൻസി തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| 2016-17 | |
|---|---|
| ഭരണാനുമതി ലഭിച്ച കോളനികൾ | നിലവിലെ അവസ്ഥ |
| മീനത്തുകര കോളനി | പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| വെള്ളൂക്കര കോളനി | പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| പാലയാട് | പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| തുരുത്തി | പൂർത്തീകരണ ഘട്ടത്തിലാണ് |
| 2018-19 | |
| മലങ്കര കോളനി | പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 2019-20 | |
| മുഴിക്കൽ IHDP കോളനി | എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ഉദ്ഘാടനം ചെയ്തു. ടെണ്ടർ നടപടികൾ പൂർത്തിയായി |
| 2021-22 | |
| വാളാഞ്ഞികുളങ്ങരതിയോത്ത് | ഏജൻസി തീരുമാനമായിട്ടില്ല |
| കുളിക്കുന്ന് | ഏജൻസി തീരുമാനമായിട്ടില്ല |